**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 4281** — **19.10.2011-ൽ മറുപടിയ്ക്ക്**

# തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

**ചോദ്യം**

എ. മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി പ്രോഗ്രാം മുഖേന സംസ്ഥാനത്ത് നാളിതു വരെ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ;

**ഉത്തരം**

എ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2007-08 മുതൽ 2011-12(13-10-2011 വരെ) സൃഷ്ടിക്കപ്പെട്ടിട്ടുള്ള തൊഴിൽ ദിനങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ആകെ തൊഴിൽ ദിനങ്ങൾ |
|---|---|
| 2007-08 | 1858258 |
| 2008-09 | 15623723 |
| 2009-10 | 34035275 |
| 2010-11 | 48503125 * |
| 2011-12 (13-10-2011 വരെ) | 14445983 |

* തൊഴിലുറപ്പ് പദ്ധതിയുടെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം അനുസരിച്ച് 13-10-2011 വരെയുള്ള കണക്കാണിത്. പ്രവൃത്തികളുടെ മസ്റ്റർറോളുകൾ ഡേറ്റാ എൻട്രി ചെയ്യുന്ന പ്രവർത്തനം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ തൊഴിൽ ദിനങ്ങളുടെ ആകെ എണ്ണം പൂർണ്ണമല്ല.

**ചോദ്യം**

ബി. തൊഴിലിന് വേതനമായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

**ഉത്തരം**

ബി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അവിദഗ്ദ്ധ തൊഴിൽ വേതന ഇനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ഇനിപ്പറയും പ്രകാരമാണ്.

| വർഷം | ആകെ തൊഴിൽ ദിനങ്ങൾ |
|---|---|
| 2007-08 | 2193.96 |
| 2008-09 | 18020.91 |
| 2009-10 | 40895.06 |
| 2010-11 * | 63163.39 |
| 2011-12 | 25029.90 |

* തൊഴിലുറപ്പ് പദ്ധതിയുടെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം അനുസരിച്ച് 13-10-2011 വരെയുള്ള കണക്കാണിത്. പ്രവൃത്തികളുടെ മസ്റ്റർറോളുകൾ ഡേറ്റാ എൻട്രി ചെയ്യുന്ന പ്രവർത്തനം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ അവിദഗ്ദ്ധ തൊഴിലാളികൾക്ക് വിതരണം ചെയ്ത വേതനം സംബന്ധിച്ച വിവരം പൂർണ്ണമല്ല.

സി. പദ്ധതിയുടെ ഭാഗമായി എത്ര തുകയുടെ ആസ്തികൾ സൃഷ്ടിക്കപ്പെട്ടുവെന്ന് വ്യക്തമാക്കുമോ ;

ഡി. ദേശീയതലത്തിൽ അവതരിപ്പിക്കുവാൻ കഴിയുന്ന നേട്ടങ്ങൾ എന്ന നിലയിൽ ഏതെങ്കിലും ആസ്തികൾ സൃഷ്ടിക്കപ്പെട്ടതായി വിലയിരുത്തിയിട്ടുണ്ടോ : എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

സി. & ഡി. വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.